"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - 2022-23 വാർഷിക പദ്ധതിയിലെ പതിനഞ്ചാം കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ വിനിയോഗം സംബന്ധിച്ച ഉപ പദ്ധതി തയ്യാറാക്കുന്നത് - ജില്ലാ ആസൂത്രണ സമിതി അംഗീകാരം നേടുന്നതിന് മുമ്പായി ഇ-ഗ്രാംസ്വരാജ് പോർട്ടലിൽ പ്രോജക്ടുകൾ അപ്‌ലോഡ് ചെയ്യുന്നതിന് - അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.179/2022/ത.സ്വ.ഭ.വ    തീയതി,തിരുവനന്തപുരം, 24/01/2022

---

പരാമർശം:- 1. 23.12.2021 ലെ സ.ഉ.(സാധാ) നം. 2632/2021/ തസ്വഭവ

**ഉത്തരവ്**

തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ 2022-2023 വാർഷിക പദ്ധതിയിലെ പതിനഞ്ചാം കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ വിനിയോഗം സംബന്ധിച്ച ഉപ പദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിച്ച് പരാമർശിത ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടി ഉത്തരവ് പ്രകാരം, പ്രൊജക്ടുകൾ സുലേഖ സോഫ്റ്റ്‌വെയറിൽ തയ്യാറാക്കി ജില്ലാ ആസൂത്രണ സമിതി അംഗീകാരം നേടിയതിനു ശേഷം ഇ- ഗ്രാമ സ്വരാജ് പോർട്ടലിൽ 28.01.2022 -നകം അപ് ലോഡ് ചെയ്യുന്നതിനാണ് ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾക്ക് നിർദ്ദേശം നൽകിയിരുന്നത്. എന്നാൽ കോവിഡ് തീവ്രവ്യാപനത്തെ തുടർന്ന് പല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും മേൽ പ്രകാരം പ്രൊജക്ടുകൾ തയ്യാറാക്കി ജില്ലാ ആസൂത്രണ സമിതി അംഗീകാരം സമയബന്ധിതമായി നേടുന്നതിന് സാധിക്കില്ലെന്നും അതിനാൽ പ്രസ്തുത നടപടിയിൽ ഇളവ് വേണമെന്നും ആവശ്യം ഉയർന്നിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പതിനഞ്ചാം കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിനിയോഗിക്കുന്നതിനുള്ള പ്രൊജക്ടുകൾ ഇ-ഗ്രാം സ്വരാജ് പോർട്ടലിൽ അപ് ലോഡ് ചെയ്യേണ്ടുന്ന സമയപരിധി കേന്ദ്രം നീട്ടി നൽകിയിട്ടില്ല. ഈ സാഹചര്യത്തിൽ, 28.01.2022 -നകം ഇ -ഗ്രാം സ്വരാജ് പോർട്ടലിൽ പ്രോജക്ടുകൾ അപ്‌ലോഡ് ചെയ്യുന്നതിന് മുമ്പായി ആയത് സുലേഖ സോഫ്റ്റ്‌വെയറിൽ തയ്യാറാക്കി ജില്ലാ ആസൂത്രണ സമിതി അംഗീകാരം നേടിയിരിക്കണമെന്ന നിബന്ധന ഒഴിവാക്കി നൽകി ഉത്തരവാകുന്നു. പിന്നീട്, തദ്ദേശ ഭരണ സ്ഥാപനങ്ങൾ 2022-23 വാർഷിക പദ്ധതി അംഗീകാരത്തിനായി നൽകുന്നതിനൊപ്പം സിഎഫ്.സി. സബ് പ്ലാൻ കൂടി ജില്ലാ ആസൂത്രണ സമിതിയ്ക്ക് സമർപ്പിച്ചാൽ മതിയാകുന്നതാണ്.

3. മേൽ ഭേദഗതിയോടെ പരാമർശിത ഉത്തരവ് നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
ജോയിന്റ് സെക്രട്ടറി

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും

2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ നഗരസഭാ ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
6. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
7. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
8. പഞ്ചായത്ത് ഡയറക്ടർ
9. നഗരകാര്യ ഡയറക്ടർ
10. ഗ്രാമവികസന കമ്മീഷണർ
11. ഡയറക്ടർ, ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്
12. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
13. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
14. എല്ലാ ജില്ലാ ആസൂത്രണസമിതി അദ്ധ്യക്ഷന്മാർക്കും
15. എല്ലാ ജില്ലാകളക്ടർമാർക്കും
16. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
17. എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
18. എല്ലാ നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർമാർക്കും
19. എല്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും (ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്)
20. എല്ലാ അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർമാർക്കും
21. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
22. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
23. ഡയറക്ടർ ജനറൽ, കില
24. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
25. തദ്ദേശ സ്വയംഭരണ (എഫ്.എം.) വകുപ്പ്
26. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by Sureshkumar K
Date: 25-01-2022 10:42:10
Reason: Approved

സെക്ഷൻ ഓഫീസർ

പകർപ്പ് :-

ബഹു. തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും എക്സൈസും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

തദ്ദേശസ്വയംഭരണ വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്